&

(ബി) ഈ സ്റ്റേഡിയത്തിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) 2019-20 വർഷത്തെ ബഡ്ജറ്റിൽ ഓങ്ങല്ലൂർ പഞ്ചായത്ത് ഗ്രൗണ്ട് നവീകരണ പ്രവർത്തനങ്ങൾക്കായി പൊതുമരാമത്ത് വകുപ്പിന്റെ ബഡ്ജറ്റ് ഹെഡിൽ ഒരു കോടി രൂപയും തനത് സാമ്പത്തിക വർഷത്തിൽ ടോക്കൺ പ്രൊവിഷനായി 100 രൂപയും അനുവദിച്ചിരുന്നു. കായികയുവജന കാര്യാലയത്തിന് കീഴിലുള്ള കായിക എഞ്ചിനീയറിംഗ് വിഭാഗം പ്രസ്തുത സ്ഥലം സന്ദർശിക്കുകയും സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. ഡി.പി.ആർ. അംഗീകരിക്കുന്നമുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

ഷൊർണ്ണൂർ മണ്ഡലത്തിലെ സ്റ്റേഡിയങ്ങൾ

287 (4675) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ മുനിസിപ്പാലിറ്റികളിലെയും പഞ്ചായത്തുകളിലെയും സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തനം സംബന്ധിച്ച് വിശദീകരണം നൽകാമോ;

(ബി) മണ്ഡലത്തിലെ പൂർത്തീകരിക്കാത്ത സ്റ്റേഡിയങ്ങളുടെ പ്രവർത്തനം എന്നത്തേക്ക് തുടങ്ങാനാകുമെന്നത് സംബന്ധിച്ച് വിശദമാക്കാമോ;

&

(സി) ഇതിനുള്ള സാങ്കേതിക തടസ്സങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

(എ-സി) അനങ്ങനടി പഞ്ചായത്തിൽ മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിനായി 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഭരണാനുമതിപ്രകാരം സിന്തറ്റിക് സെവൻസ് ഫുട്ബോൾ ടർഫ്, അനുബന്ധ ചെയിഞ്ച് റൂം ഫിറ്റ്നസ് സെന്റർ കെട്ടിടം, ഫ്ലഡ് ലൈറ്റ് സിസ്റ്റം എന്നീ സൗകര്യങ്ങളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. അനുബന്ധ ചെയിഞ്ച് റൂം- ഫിറ്റ്നസ് സെന്റർ കെട്ടിടം-സിവിൽ & ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിരിക്കുകയാണ്. കായിക വകുപ്പിന്റെ പദ്ധതി വിഹിതം വിനിയോഗിച്ച് നിർമ്മിക്കുന്ന സ്റ്റേഡിയങ്ങൾക്ക് തുടർ പരിപാലനം ഉറപ്പുവരുത്തുന്നതിനും പൂർണ്ണതോതിലുള്ള വിനിയോഗ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ത്തിനുമായി പഞ്ചായത്തുമായി ധാരണാപത്രത്തിൽ ഏർപ്പെടേണ്ടതുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്കും സ്ഥലം ലഭ്യമാകുന്ന മുറയ്ക്കും പ്രവൃത്തി ആരംഭിക്കുന്നതാണ്. സിന്തറ്റിക് സെവൻസ് ഫുട്ബോൾ ടർഫിന്റെ പ്രവൃത്തി സിവിൽ & ഇലക്ട്രിക്കൽ പ്രവൃത്തികളുടെ പൂർത്തീകരണ സമയത്ത് ആരംഭിക്കുന്നതാണ്. വാണിയംകുളം പഞ്ചായത്ത് ഗ്രൗണ്ട് നവീകരണം 2018-19 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഭരണാനുമതിയില്ലാത്ത പ്രവൃത്തികളിൽ ക്രമ നം.5546 പ്രകാരം വാണിയംകുളം പഞ്ചായത്ത് ഗ്രൗണ്ട് നവീകരണ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപയും തനത് സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപയും വകയിരുത്തിയിരുന്നു. കായിക യുവജനകാര്യാലയത്തിന് കീഴിലുള്ള കായിക എഞ്ചിനീയറിംഗ് വിഭാഗം പ്രസ്തുത സ്ഥലം സന്ദർശിക്കുകയും ഒരു സെവൻസ് ഫുട്ബോൾ കോർട്ട് നിർമ്മിക്കുന്നതിനുള്ള കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുമുണ്ട്. ആയത് അംഗീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

ആനാവൂർ സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ സ്റ്റേഡിയം നവീകരണം

288 (4676) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനാവൂർ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിലെ സ്റ്റേഡിയം നവീകരണത്തിനായി E-1419678,(എസ്.വൈ.എ./എ 3/6/2020, പി.ഡബ്ല്യു.ഡി.ഇ 1/85/2020) എന്ന ഫയലിൻമേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി കായിക വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗവും തുടർന്ന് പി.ഡബ്ല്യു.ഡി.-യും ഡി.പി.ആർ. സമർപ്പിച്ചുവെങ്കിലും നാളിതുവരെ ഭരണാനുമതി ലഭ്യമായിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തി കായിക യുവജന ക്ഷേമ വകുപ്പുതന്നെ നിർവ്വഹിക്കണം എന്ന നിലയിൽ നൽകിയ പ്രൊപ്പോസലിൻമേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

&

(ഡി) പ്രസ്തുത പ്രവൃത്തി തടസ്സങ്ങൾ മാറ്റി അടിയന്തരമായി ഭരണാനുമതി നൽകി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?